## വ്യക്തിത്വം

**വി.എം ഇബ്റാഹീം**

# കെ.എം മൗലവി

കേരള മുസ്‌ലിംകൾക്കിടയിൽ പരിഷ്കരണപ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയ മുൻനിരക്കാരിലൊരാളായിരുന്നു തയ്യിൽ മുഹമ്മദ്കുട്ടി എന്ന കെ.എം മൗലവി. അന്ധവിശ്വാസാനാചരങ്ങൾക്കെതിരെ അവസാന ശ്വാസം വരെ പട നയിച്ച ആ സമുദായപരിഷ്കർത്താവ് കേരള മുസ്‌ലിം നവോത്ഥാന ചരിത്രത്തിൽ എന്നെന്നും അനുസ്മരിക്കപ്പെടും. അഗാധനായ പണ്ഡിതൻ, സ്വാതന്ത്ര്യ സമര സേനാനി, സമുദായ നേതാവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹാനായിരുന്നു അദ്ദേഹം.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിക്കടുത്ത കക്കാട്ട് തയ്യിൽ കുഞ്ഞിമൊയ്തീന്റെയും പാലമഠത്തിൽ കണ്ണാട്ടിൽ ആഇശയുടെയും പുത്രനായി 1886 ജൂലൈ 6-ന് കെ.എം മൗലവി ജനിച്ചു. കൂരിയാടൻ അഹ്മദ് കുട്ടി മുല്ലയുടെ എഴുത്തുപള്ളിയിലായിരുന്നു പ്രാഥമിക പഠനം. നാട്ടാശാന്റെയും ആധാരമെഴുത്തുകാരന്റെയും പക്കൽനിന്ന് മലയാളം പഠിച്ചു. പള്ളിദർസുകളിൽ പഠനം തുടർന്ന അദ്ദേഹം അക്കാലത്തെ പ്രമുഖ പണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിക്കുകയുണ്ടായി. വാഴക്കാട് ദാറുൽ ഉലൂമിൽ മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ശിഷ്യനായിരുന്ന മൗലവി കേരളത്തിൽ ഹദീസിന്റെ കിത്താബുകൾ കാര്യമായി നടപ്പില്ലാതിരുന്ന അക്കാലത്ത് കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാരുടെ പക്കൽനിന്ന് ഹദീസും, കൊടുങ്ങല്ലൂരിലെ ഒളിജീവിത കാലത്ത് വക്കം അബ്ദുൽഖാദിർ മൗലവിയുടെ പക്കൽനിന്ന് അറബി സാഹിത്യവും പഠിച്ചു. കൊടുങ്ങല്ലൂരിൽ താമസിക്കുമ്പോൾ തന്നെ പ്രസിദ്ധ യൂനാനി വൈദ്യൻ കൊടുങ്ങല്ലൂർ അബൂബക്കർ മൗലവി, ശൈഖ് അലി മൗലവി, കൊച്ചിയിലെ അബ്ദുല്ലാ അൽയമാനി മുതലായവരിൽനിന്ന് ഉർദുവും പഠിച്ചു. ചാലിലകത്ത് വാഴക്കാട്ടുനിന്ന് ഒഴിവായി മണ്ണാർക്കാട്ട് ദർസിൽ ചേർന്നപ്പോൾ കെ.എം മൗലവി അദ്ദേഹത്തെ പിന്തുടർന്നു. മണ്ണാർക്കാട്ട് മുദർരിസായിരിക്കെ കുഞ്ഞഹ്മദ് ഹാജി മരണപ്പെട്ടപ്പോൾ അദ്ദേഹം അവിടെ മുദർരിസായി. മലപ്പുറത്തിനടുത്ത ചെമ്മങ്കടവിലും ദർസ് നടത്തിയിട്ടുണ്ട്.

ഇരുപതുകളിൽ സ്വാതന്ത്ര്യസമരം കത്തിപ്പടർന്നപ്പോൾ കെ.എം മൗലവി ഖിലാഫത്ത്-കോൺഗ്രസ് യുവനേതാവെന്ന നിലയിൽ രംഗത്തിറങ്ങി. ഏറനാട് താലൂക്ക് ഖിലാഫത്ത്-കോൺഗ്രസ് സെക്രട്ടറിയായിരുന്ന അദ്ദേഹം ഏറനാട്, വള്ളുവനാട്, കോഴിക്കോട്, പൊന്നാനി താലൂക്കുകളിൽ ഖിലാഫത്ത്-കോൺഗ്രസ് സംയുക്തസംഘടനകൾ സ്ഥാപിക്കാൻ മുൻകൈയെടുത്തു. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത അദ്ദേഹത്തിനെതിരെ അന്നത്തെ മലബാർ കലക്ടറായിരുന്ന മി. ഇ.എഫ് തോമസ് കുറ്റപത്രം സമർപ്പിച്ചു. ആലി മുസ്‌ലിയാർ, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ, ലവക്കുട്ടി, പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാർ തുടങ്ങിയവരോടൊപ്പം പ്രതി ചേർക്കപ്പെട്ട അദ്ദേഹത്തെ കുറിച്ച് കുറ്റപത്രത്തിൽ പറയുന്നതിങ്ങനെയാണ്:

"12) തൃക്കുളം തിരൂരങ്ങാടിക്കാരൻ തയ്യിൽ മുഹമ്മദ് കുട്ടി മുസ്‌ലിയാർ: 10-ാം നമ്പ്രക്കാരനെ (കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ ആയിരുന്നു 10-ാം പ്രതി) വെല്ലൂരിൽ പഠിച്ചിട്ടുണ്ട്. (യഥാർഥത്തിൽ അദ്ദേഹം വേലൂരിൽ പഠിച്ചിട്ടില്ല). പാൻ ഇസ്‌ലാമിസ്റ്റു വീക്ഷണം വച്ചു പുലർത്തുന്ന വ്യക്തിയാണ്. ഏപ്രിൽ, മെയ് എന്നീ മാസങ്ങൾ വരെ കോടൂരിലെ കിളിയമണ്ണിൽ മൊയ്തീൻ നടത്തുന്ന ഒരു സ്വകാര്യ മദ്റസയിൽ പഠിപ്പിച്ചു പോന്നു. അയാളുടെ അപകടകരമായ പ്രബോധനം കാരണം ആദ്യം താക്കീതുചെയ്യുകയും പിന്നീട് പിരിച്ചുവിടുകയും ചെയ്തു. അന്നു മുതൽ നാടുതോറും സഞ്ചരിച്ച് നാശകരമായ ആശയപ്രചാരണവുമായി നടക്കുകയാണ്."

1921 ഏപ്രിൽ 2, 3 തീയതികളിൽ തമിഴ്നാട്ടിലെ ഈറോഡിൽ നടന്ന ഇന്ത്യൻ മജ്‌ലിസുൽ ഉലമാ പ്രതിനിധിസമ്മേളനത്തിൽ മലബാർ പ്രതിനിധികളായി പങ്കെടുത്തവരിൽ കെ.എം മൗലവിയുമുണ്ടായിരുന്നു. അവിടെ വച്ച് ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തനങ്ങൾ മലബാറിൽ വ്യാപകമാക്കുന്നതിനെ സംബന്ധിച്ച ചർച്ചകൾ നടന്നു. ഇതിന്റെ ഫലമായി അവർ തിരിച്ചുവന്നതോടെ കേരള മജ്‌ലിസുൽ ഉലമ സ്ഥാപിതമായി.

മലബാറിൽ ബ്രിട്ടീഷുകാർ താണ്ഡവമാടിയപ്പോൾ മുസ്‌ലിംകളിലൊരു വിഭാഗം അതിനെ ചെറുക്കാനായി രംഗത്തിറങ്ങി. അതേ തുടർന്നാണ് രക്തരൂഷിതമായ പൂക്കോട്ടൂർ യുദ്ധവും തിരൂരങ്ങാടി ഒന്നാം സമരവുമുണ്ടാകുന്നത്. ഈ സന്ദർഭങ്ങളിലെല്ലാം മൗലവി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്,

കെ.പി കേശവമേനോൻ തുടങ്ങിയ നേതാക്കളുടെ കൂടെ സമുദായത്തെ സമാധാനിപ്പിക്കാനായി രംഗത്തിറങ്ങി. പൂക്കോട്ടൂരിൽ ജനങ്ങളെ ഒതുക്കാൻ നേതാക്കൾക്ക് കഴിഞ്ഞു. എന്നാൽ തിരൂരങ്ങാടിയിൽ സമാധാനപൂർവം പട്ടാളത്തിന്റെ ചെയ്തികൾക്കെതിരെ നിവേദനം സമർപ്പിക്കാൻ ആലിമുസ്‌ലിയാരും അനുയായികളും ചെന്നപ്പോൾ പോലീസ് അവർക്കുനേരെ നിഷ്കരുണം വെടിയുതിർത്തതിന്റെ ഫലമായി അവിടെ തീർത്താൽ തീരാത്ത കുഴപ്പങ്ങളുണ്ടായി.

തിരൂരങ്ങാടിയിൽ കലഹമുണ്ടായപ്പോൾ പരിഭ്രാന്തനായ കെ.എം മൗലവി സമീപപ്രദേശത്തെ തന്റെ മാതുലഗൃഹത്തിൽ അഭയം തേടി. പട്ടാളക്കാർ അറസ്റ്റുചെയ്യുമെന്ന ഭീതി നിമിത്തം അദ്ദേഹം അവിടെ നിന്ന് രഹസ്യമായി കരിപ്പൂരിനടുത്ത വെള്ളാറിലെത്തി. അവിടെ നിന്ന് കൊട്ടപ്പുറത്തേക്കു പോയി. കെ.എം മൗലവിയെയും കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാരെയും തൂക്കിക്കൊല്ലാൻ കലക്ടർക്ക് പ്രത്യേക നിർദേശം ലഭിച്ചിരുന്നുവത്രെ. അതിനാൽ അദ്ദേഹം പലയിടങ്ങളിലായി ഒളിവിൽ കഴിയുകയായിരുന്നു. പുളിക്കൽ പി.പി. ഉണ്ണിമുഹ്‌യിദ്ദീൻ കുട്ടി മൗലവിയുടെ വീട്ടിൽ ഒളിവിൽ കഴിയുമ്പോഴാണ് ലഹള കാരണം കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്ന സ്വന്തം കൂടിയായ എം.സി.സി അബ്ദുർറഹ്മാൻ മൗലവി, കെ.എം മൗലവിയെ കൊടുങ്ങല്ലൂരിലേക്ക് ക്ഷണിക്കുന്നത്. അങ്ങനെ 1922 ജനുവരി 14-ന് കെ.എം മൗലവി കൊടുങ്ങല്ലൂരിലെത്തി. എം.സി.സിയെ കൂടാതെ ഇ.കെ മൗലവിയും ശൈഖ് മാഹീൻ ഹമദാനിയും മറ്റും അക്കാലത്ത് കൊടുങ്ങല്ലൂരിലുണ്ടായിരുന്നു.

കൊടുങ്ങല്ലൂരിലെ മത-സാംസ്കാരിക മണ്ഡലങ്ങളിൽ കെ.എം മൗലവി നിറഞ്ഞുനിന്നു. മുസ്‌ലിം കേരളത്തിലെ മതപരിഷ്കരണ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച മുസ്‌ലിം ഐക്യസംഘത്തിന്റെയും അതിന്റെ ആദിരൂപമായിരുന്ന നിഷ്പക്ഷസംഘത്തിന്റെയും രൂപീകരണത്തിൽ അദ്ദേഹം മുഖ്യ പങ്കുവഹിച്ചു. മുസ്‌ലിം ഐക്യസംഘം ആരംഭിച്ച അറബി മലയാളം പത്രമായ 'അൽ ഇർശാദി'ൽ മതകാര്യങ്ങളിൽ ഫത്‌വ നൽകിയിരുന്നത് കെ.എം മൗലവി ആയിരുന്നു. 1927-ൽ ഹജ്ജിനുപോയ അദ്ദേഹം കൂട്ടുകാരൊന്നിച്ച് സുഊദ് രാജാവായിരുന്ന അബ്ദുൽ അസീസിബ്നു സുഊദുമായി കാണുകയും ഹിജാസിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

മലബാർ ലഹളയിൽ കുറ്റക്കാരാണെന്ന് വിധിക്കപ്പെട്ടവരുടെ പേരിൽ ചുമത്തിയ കേസുകൾ നിരുപാധികം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പോക്കർസാഹിബും ഉപ്പിസാഹിബും മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബും പൊരുതി. പോക്കർസാഹിബ് മദിരാശി നിയമസഭയിൽ ഇതു സംബന്ധമായ ഒരു പ്രമേയം പാസ്സാക്കി. ഒടുവിൽ 1932-ൽ മൗലവിയടക്കമുള്ളവർക്ക് പൊതുമാപ്പ് ലഭിച്ചു. ഐക്യസംഘത്തിന്റെ പത്താം വാർഷിക സമ്മേളനം നടന്നുകൊണ്ടിരിക്കെയാണ് കെ.എം മൗലവി സാഹിബിന് മാപ്പ് ലഭിച്ച വിവരം അറിയുന്നത്. തുടർന്ന് മൗലവിയെ മലബാറിലേക്ക് വിട്ടുകൊടുക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം സമ്മേളനം പാസ്സാക്കുകയും അതനുസരിച്ച് കെ.എം മൗലവി പതിനൊന്നു വർഷത്തെ കൊടുങ്ങല്ലൂർവാസം കഴിഞ്ഞ് മലബാറിൽ തിരിച്ചെത്തുകയും ചെയ്തു. തുടർന്നും കോൺഗ്രസിനു വേണ്ടി മൗലവി പ്രവർത്തിച്ചു. മുസ്‌ലിംകൾക്കിടയിൽ ചർക്കാ പ്രചാരണത്തിനായി കണ്ണൂരിൽ സജീവമായി പ്രവർത്തിച്ച അദ്ദേഹം *മാതൃഭൂമി* പത്രം സാമ്പത്തികമായി തകർന്നപ്പോൾ പിരിവെടുക്കാൻ രംഗത്തിറങ്ങി. എന്നാൽ 1935-ൽ കേരളത്തിൽ മുസ്‌ലിംലീഗ് പ്രവർത്തനം ആരംഭിച്ചപ്പോൾ കെ.എം മൗലവി മുസ്‌ലിം ലീഗിൽ ചേർന്നു. കോഴിക്കോട് ലീഗ് സ്ഥാപിച്ചത് അദ്ദേഹവും പുളിക്കൽ പി.വി മുഹമ്മദ് മൗലവിയും ചേർന്നാണ്. 'മുസ്‌ലിം സമുദായം അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി ലീഗിൽ ഏകീകരിച്ചണിനിരക്കണ'മെന്ന് അദ്ദേഹം സദാ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖീഹ് തങ്ങൾ മുസ്‌ലിംലീഗ് പ്രസിഡന്റായിരുന്നപ്പോൾ ജീവിതാന്ത്യം വരെ കെ.എം മൗലവി വൈസ് പ്രസിഡന്റായിരുന്നു.

1935-ൽ മൗലവിയുടെ പത്രാധിപത്യത്തിൽ *അൽ മുർശിദ്* അറബി മലയാള മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. എന്നാൽ വരിക്കാരുടെ കുറവും കടലാസിന്റെ വിലയും കാരണം നാലുവർഷം കഴിഞ്ഞ് പത്രം നിർത്തേണ്ടിവന്നു. 1949-ൽ പത്രം പുനഃപ്രസിദ്ധീകരിച്ചപ്പോഴും അദ്ദേഹം തന്നെയായിരുന്നു എഡിറ്റർ. പക്ഷേ, കേരള ജംഇയ്യത്തുൽ ഉലമയിലുണ്ടായ ശീതസമരവും രാഷ്ട്രീയ പ്രതിസന്ധിയും നിമിത്തം മാസിക വീണ്ടും ചരമമടഞ്ഞു.

നേരത്തെ കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റായിരുന്ന കെ.എം മൗലവി 1950-ൽ കേരള നദ്‌വത്തുൽ മുജാഹിദീൻ രൂപീകൃതമായപ്പോൾ അതിന്റെ സ്ഥാപകപ്രസിഡന്റായി. 1962-വരെ പതിമൂന്നു വർഷം അദ്ദേഹമായിരുന്നു പ്രസിഡന്റ്.

ഉജ്വലപ്രഭാഷകൻ, ലേഖകൻ, സംഘാടകൻ, പണ്ഡിതൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ഇസ്‌ലാഹീസംഘടനകളെ സേവിച്ചു. 'സമസ്ത'യുമായി നടന്ന ഒട്ടേറെ വാദപ്രതിവാദങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. വിശുദ്ധഖുർആനിലെ 30-ാം ഭാഗത്തിന്റെ പാതിക്ക് അറബിമലയാളത്തിൽ പരിഭാഷയെഴുതിയ അദ്ദേഹം 1930-ൽ ഖുർആൻ പരിഭാഷ തയാറാക്കാനായി കോഴിക്കോട്ട് ആരംഭിച്ച മുസ്‌ലിം ലിറ്ററേ

ച്ചർ സൊസൈറ്റിയിൽ മൗലവി സജീവപങ്കുവഹിച്ചു. എന്നാൽ പരിഭാഷയുടെ രണ്ടു ഭാഗങ്ങൾ മാത്രമേ പുറത്തിറങ്ങിയുള്ളൂ. *അൽ അമീൻ, ചന്ദ്രിക, അൽ ഇത്തിഹാദ്, അൻസാരി, അൽമനാർ, അൽഹിദായ* എന്നീ പത്രങ്ങളിലായി നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. സയ്യിദ് റശീദ് രിദാ കെയ്റോയിൽനിന്ന് പുറത്തിറക്കിയിരുന്ന *അൽമനാർ,* ഈജിപ്തിൽനിന്നുതന്നെ പുറത്തിറങ്ങിയിരുന്ന *അൽഫത്ഹ്,* മസ്ഊദ് ആലം നദ്‌വിയുടെ *അദ്ദിയാഅ്,* പാകിസ്താനിലെ *അൽഅറബ്* തുടങ്ങിയ അറബീ പത്രങ്ങളിൽ അദ്ദേഹം എഴുതിയിരുന്നു.

ഉർദുഭാഷ പഠിച്ചിരുന്ന അദ്ദേഹം മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, മൗലാനാ അബുൽകലാം ആസാദ് തുടങ്ങിയവരുടെ പല ലേഖനങ്ങളും മലയാളത്തിലേക്കും അറബിയിലേക്കും വിവർത്തനം ചെയ്തത് *ചന്ദ്രിക, അൽ അമീൻ, അൽ മുർശിദ്* എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. മൗലാനാ മൗദൂദി ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വികലതകൾ തുറന്നുകാണിച്ചു കൊണ്ടെഴുതിയ ലേഖനം കെ.എം മൗലവി ചന്ദ്രികയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. ഇത് 1941-ൽ തലശ്ശേരി മുസ്‌ലിംലീഗ് കമ്മിറ്റി *സമരസന്നാഹം* എന്ന പേരിൽ പുസ്തകരൂപത്തിൽ പുറത്തിറക്കി.

*അൽ ഇസ്‌ലാഹ്, അൽ ഇർശാദ്, അൽ ഇത്തിഹാദ്* തുടങ്ങിയ പത്രങ്ങളിൽ ധാരാളം ഫത്‌വകളും ലേഖനങ്ങളുമെഴുതിയ അദ്ദേഹം ഏതാനും കൃതികളും രചിച്ചിട്ടുണ്ട്. ചന്ദനക്കുടം, കൊടികയറ്റം, ഇസ്തിഗാസ തുടങ്ങിയ അനിസ്‌ലാമികാചാരങ്ങളെ വിമർശിച്ചുകൊണ്ടെഴുതിയ *അൽ ഹിദായ ഇലാ മഹ്ഖിൽ ബിദഇ വദ്ദലാല, അൽ വിലായത്തു വൽകറാമ* എന്നീ കൃതികൾ യാഥാസ്ഥിതിക പണ്ഡിതന്മാരുടെ ശക്തമായ എതിർപ്പിന് വിധേയമായപ്പോൾ ഇസ്‌ലാമിക് ബാങ്കിന്റെ സാധ്യതകളാരാഞ്ഞുകൊണ്ട് എഴുതിയ *രിസാലത്തുൻ ഫിൽ ബങ്കി* എന്ന ലഘുകൃതി സ്വന്തം സഹപ്രവർത്തകരുടെ തന്നെ എതിർപ്പിന് ശരവ്യയമായി. സ്വന്തം സ്യാലൻ കൂടിയായ എം.സി.സി അബ്ദുർറഹ്മാൻ മൗലവി അതിന് *അൽ അമീനിൽ* ഖണ്ഡനമെഴുതി. 'കേരള മുസ്‌ലിം ഐക്യസംഘം ഒരൊറ്റ തെറ്റു ചെയ്തു. അത് *ഹീലത്തുർരിബ*യായിരുന്നു' വെന്ന് പ്രസ്തുത കൃതിയുടെ ശക്തനായ വിമർശകനായിരുന്ന മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് പറയാറുണ്ടായിരുന്നു.

തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്റസ, തിരൂരങ്ങാടി യതീംഖാന തുടങ്ങി ഒട്ടേറെ സ്ഥാപനങ്ങളുടെ രൂപവൽക്കരണത്തിന് മുന്നിൽ നിന്നത് മൗലവിയായിരുന്നു.

1964 സെപ്റ്റംബർ 10-ന് കെ.എം മൗലവി അന്തരിച്ചു.

**റഫറൻസ്:**

1. കെ.കെ മുഹമ്മദ് അബ്ദുൽകരീം - കെ.എം മൗലവി സാഹിബ്

2. കെ.എം മൗലവി സ്മാരക ഗ്രന്ഥം

3. മുജാഹിദ് സംസ്ഥാന സമ്മേളന സുവനീർ '97